വേലുത്തമ്പിയും കുണ്ടറ വിളംബരവും / ഡോ. എം എസ് ജയപ്രകാശ്

കുണ്ടറ വിളംബരത്തിന്റെ 200ാം വാർഷികാഘോഷം തുടങ്ങിയിരിക്കുകയാണല്ലോ. വിളംബരത്തെപ്പറ്റിയുള്ള ചില ചരിത്ര യാഥാർഥ്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. വിളംബരം എഴുതി പ്രസിദ്ധീകരിക്കാനുള്ള അവകാശം തിരുവിതാംകൂറിൽ മഹാരാജാക്കൻമാർക്കു മാത്രമുള്ളതാണ്. അതിലൊന്നാണു ക്ഷേത്രപ്രവേശന വിളംബരം. വേലുത്തമ്പിക്ക് മുമ്പോ പിമ്പോ ഒരു ദിവാനോ ദളവയോ വിളംബരം പുറപ്പെടുവിച്ചിട്ടില്ല. മഹാരാജാവ് ഒപ്പുവച്ചു സർക്കാരിന്റേതായി ജനങ്ങളെ അറിയിക്കുന്ന രാജകീയ പ്രസ്താവനയാണു ചരിത്രപരമായി വിളംബരം. കുണ്ടറ വിളംബരത്തിൽ മഹാരാജാവ് ഒപ്പുവച്ചിട്ടില്ല. രാജാവിന്റെ അംഗീകാരമില്ലാതെയാണു വേലുത്തമ്പി ബ്രിട്ടീഷുകാർക്കെതിരേ യുദ്ധം ചെയ്തത്. മുമ്പ് ദിവാനായിരുന്ന താണുപിള്ളയ്ക്ക് അദ്ദേഹത്തിന്റെ പിതാവ് എഴുതിയ കത്തിൽ, 'അദ്ദേഹം (വേലുത്തമ്പി) തന്നെ ഈ രാജ്യത്തിനു രാജാവായും മന്ത്രിയായും കമ്പനിയുടെ ആജ്ഞാക്കാരനായും ഇരുന്ന് ഈശ്വരൻ താനാണെന്നു ഭാവിച്ച്' എന്ന് എഴുതിയിട്ടുണ്ട്.

1808 ജനുവരി 14നാണ് വിളംബരം പ്രസിദ്ധപ്പെടുത്തിയത്. മാർച്ച് 15ന് രാജാവ് വേലുത്തമ്പിയെ ദളവാസ്ഥാനത്തു നിന്നു നീക്കി. അതിനു മുമ്പ് ഫെബ്രുവരി 24ന് കുണ്ടറവിളംബരം ഉൾപ്പെടെയുള്ള വേലുത്തമ്പിയുടെ പ്രവൃത്തികളിൽ ഖേദിക്കുന്നു എന്നു രാജാവ് കമ്പനിയെ ഔദ്യോഗികമായി അറിയിച്ചിരുന്നു. മാത്രമല്ല, മഹാരാജാവിനെ കണ്ടു വിളംബരം നിഷേധിക്കാൻ വേലുത്തമ്പി തന്നെ ആവശ്യപ്പെടുകയും ചെയ്തു.

സ്വാതന്ത്ര്യസമര നായകൻ എന്നു ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്ന വേലുത്തമ്പി ചരിത്രത്തിൽ ഇടംതേടുന്നത് ബ്രിട്ടീഷ് ഏജന്റ് എന്ന നിലയിലായിരുന്നു. ദളവാസ്ഥാനം കൈക്കലാക്കാൻ 1805ൽ രാജ്യതാൽപ്പര്യത്തിനെതിരേ ബ്രിട്ടീഷുകാരുമായി തമ്പി ഉണ്ടാക്കിയ കരാറാണ് തിരുവിതാംകൂറിൽ ബ്രിട്ടീഷ് ആധിപത്യത്തിനു വഴിതെളിച്ചത്. രാജാ കേശവദാസന്റെ കുടുംബാംഗങ്ങളായിരുന്നു പരമ്പരാഗതമായി ദിവാനും ദളവയുമായി ക്കൊണ്ടിരുന്നത്. അവരെ ചതിയിൽപ്പെടുത്തി കൊലചെയ്താണു വേലുത്തമ്പി അധികാരം പിടിച്ചെടുത്തത്.

കരാർ ഒപ്പിടാൻ വിസമ്മതിച്ച രാജാവിനെ ബ്രിട്ടീഷുകാരുടെ സൈന്യവുമായി വന്നാണു വേലുത്തമ്പി വിരട്ടിയത്. ബാലരാമവർമ രാജാവ് തമ്പിയെ തൂക്കിക്കൊല്ലാൻ വിധിച്ചിരുന്നു. ബ്രിട്ടീഷ് സഹായത്താൽ അതിൽ നിന്നു രക്ഷപ്പെട്ടു. തമ്പി ബ്രിട്ടീഷുകാർക്കു നൽകിയ സഹായത്തിനു കിട്ടിയ സമ്മാനമാണ് അദ്ദേഹം അണിഞ്ഞിരിക്കുന്ന കോട്ട്. തിരുവിതാംകൂറിനെ ബ്രിട്ടീഷുകാർക്കു തീറെഴുതിനൽകിയതിനു ഗവർണർ ജനറൽ വെല്ലസ്ലി പ്രഭു സമ്മാനിച്ചതാണ് ആ കോട്ട്. തമ്പിയുടെ ക്രൈസ്തവവിരോധം കുപ്രസിദ്ധമാണ്. അനേകം ക്രൈസ്തവരെ കൊന്നു പള്ളാത്തുരുത്തിയാറ്റിൽ താഴ്ത്തിയിട്ടുണ്ട്. മാത്തു തരകനെ ചെവികളറുത്ത് നാടുകടത്തി. ക്രൈസ്തവർക്കു പള്ളി വയ്ക്കാൻ അനുവാദം കൊടുത്തില്ല. ഹിന്ദുവികാരം എതിരാവുമെന്നാണു തമ്പി നൽകിയ വിശദീകരണം. അവർണസ്ത്രീകളുടെ തലയ്ക്കും മുലയ്ക്കും നികുതിവാങ്ങിയ ആളാണു തമ്പി. ഖജനാവ് കാലിയാവാതെ സൂക്ഷിക്കുന്ന ഒരു മുലക്കര സമ്പദ്ഘടനയാണ് അന്നുണ്ടായിരുന്നത്. ഇന്നത്തെ ഖജനാവ് സൂക്ഷിപ്പുകാർക്ക് 'ഈ മഹത്തായ പാരമ്പര്യം' പിന്തുടരാവുന്നതാണ്. മാർത്താണ്ഡവർമയും സ്വാതിതിരുനാളും ഈ കരം വാങ്ങിയിരുന്നു.

തിരുവിതാംകൂറിലെ സുവർണകാലം എന്നാണു ചില ചരിത്രകാരൻമാർ ഈ

കാലഘട്ടത്തെ വിശേഷിപ്പിക്കുന്നത്. ബ്രിട്ടീഷുകാർ ജയിച്ചാൽ ക്ഷേത്രങ്ങളിൽ കുരിശു നാട്ടുമെന്നും ബ്രാഹ്മണസ്ത്രീകളെ ബലാൽസംഗം ചെയ്യുമെന്നും കുണ്ടറവിളംബരത്തിൽ പറയുന്നുണ്ട്. രാഷ്ട്രീയനേട്ടത്തിനു മതവികാരം ഉപയോഗിച്ച ആദ്യ ഭരണാധികാരിയും തമ്പിയാണ്.
കൂലി കൂടുതൽ നൽകാൻ ആവശ്യപ്പെട്ടതിനാൽ നായർ പട്ടാളമേധാവിയായിരുന്ന കൃഷ്ണപ്പിള്ളയെ ആനക്കാലിൽ കെട്ടി രണ്ടായി വലിച്ചുകീറുകയാണു തമ്പി ചെയ്തത്. ഇപ്രകാരം സമുദായത്തിന്റെയും രാജ്യത്തിന്റെയും പിന്തുണ നഷ്ടപ്പെട്ടതുകൊണ്ടാണ് വേലുത്തമ്പിക്ക് ദാരുണമായ അന്ത്യമുണ്ടായത്.
1803ൽ വൈക്കം ക്ഷേത്രത്തിൽ കയറാൻ ശ്രമിച്ച അയിത്തജാതിക്കാരെ തലവെട്ടി കുളത്തിലിട്ടു. വൈക്കത്തെ ദളവാക്കുളം ഇതിന്റെ സ്മാരകമാണ്.

THEJAS DAILY – 21 JAN 09